ആത്മകഥ ●

ചാൾസ് ലീ ഗായ് ഈറ്റൺ

## ഊഹങ്ങളിൽനിന്ന് ഉറപ്പിലേക്ക്-2

# ഇപ്പോൾ വേണം

**സൈന്യത്തിൽനിന്ന്** വിട്ടതോടെ ഞാൻ എഴുതാൻ തുടങ്ങി. എന്റെ ചിന്തകൾ വ്യക്തതയോടെ ക്രമീകരിച്ചു. വേദാന്തത്തെപ്പറ്റിയും താവോയിസത്തെപ്പറ്റിയും സെൻ ബുദ്ധിസത്തെപ്പറ്റിയും എഴുതി. ഈ പ്രമാണങ്ങൾ സ്വാധീനിച്ച ലിയോ മയേഴ്സ് അടക്കമുള്ള പടിഞ്ഞാറൻ എഴുത്തുകാരെപ്പറ്റി എഴുതി. ആ സമയത്ത് പ്രശസ്ത കവി ടി.എസ് എലിയട്ടിനെ കണ്ടുമുട്ടാനിടയായി. ഒരു പ്രസാധനശാലയുടെ അധിപൻ കൂടിയായിരുന്നു അന്നദ്ദേഹം. എന്റെ പ്രബന്ധങ്ങൾ 'ദ റിച്ചസ്റ്റ് വെയ്ൻ' എന്ന പേരിൽ പുസ്തക രൂപത്തിൽ ഇറക്കി (തോറയുടെ ഒരു ഉദ്ധരണിയിൽ നിന്നെടുത്തതാണ് ശീർഷകം: "എന്റെ തല, മാന്തി ഖനനം നടത്താനുള്ള അവയവമാണെന്ന് എന്റെ ജന്മവാസന പറയുന്നു. ചില മൃഗങ്ങൾ നീണ്ട മൂക്ക് കൊണ്ടോ മുൻകാൽ നഖം കൊണ്ടോ മണ്ണിൽ ചുഴ്ന്നന്വേഷിക്കുന്നതുപോലെ. ഇതാ, ഈ കുന്നുകളിൽ ഞാനെന്റെ തലകൊണ്ട് കുഴിച്ച് വിലപിടിപ്പുള്ള ലോഹങ്ങൾ കണ്ടെത്തും. ഇവിടെയെങ്ങോ ആണ് ഏറ്റവും സമ്പന്നമായ ഖനിജച്ചാൽ-റിച്ചസ്റ്റ് വെയ്ൻ- കിടക്കുന്നതെന്ന് തോന്നുന്നു"). ഏതായാലും എനിക്കിപ്പോൾ ഈ കുന്നുകളിൽ കുഴിച്ചു നോക്കാൻ നല്ലൊരു വഴികാട്ടിയെ കിട്ടിയിരിക്കുന്നു- റെനെ ഗ്വേനൻ എന്ന ഫ്രഞ്ചുകാരൻ. ആയുസ്സിലേറെ ഭാഗവും കയ്റോയിൽ ശൈഖ് അബ്ദുൽ വാഹിദ് ആയി ജീവിച്ച മഹാ ചിന്തകൻ.

ആധുനിക മനുഷ്യൻ (പാശ്ചാത്യവത്കൃത മനുഷ്യൻ) ചോദ്യംചെയ്യാതെ സ്വീകരിച്ചുവെച്ച സകല അനുമാനങ്ങളെയും ആദ്യം പരിക്കേൽപ്പിക്കുകയും പിന്നെ തച്ചുതകർക്കുകയും ചെയ്തയാളാണ് ഗ്വേനൻ. 'നവോത്ഥാന'മെന്നു വിളിക്കപ്പെട്ട സംഭവത്തെത്തുടർന്ന് യൂറോപ്യൻ നാഗരികത പോയ പോക്കിനെ മറ്റു പലരും വിമർശിച്ചിട്ടുണ്ട്. പക്ഷേ ഗ്വേനനെപ്പോലെ ഖണ്ഡിതമായി അതു ചെയ്യാൻ അവരാരും ധൈര്യപ്പെട്ടിരുന്നില്ല. പടിഞ്ഞാറൻ സംസ്കാരം ചരിത്രത്തിന്റെ ചവറ്റുകുട്ടയിലിട്ട തത്ത്വങ്ങളെയും മൂല്യങ്ങളെയും ശക്തമായി പുനരവതരിപ്പിച്ചതും അദ്ദേഹമാണ്. 'സോഫിയാ പെരന്നിസ്' അഥവാ അനശ്വര പാരമ്പര്യമാണ് അദ്ദേഹത്തിന്റെ പ്രമേയം. പ്രാചീന മിത്തോളജികളിലും സകല മതങ്ങളുടെയും മൂലമായ ആധ്യാത്മിക തത്ത്വത്തിലും പ്രകാശിതമാണത് എന്നദ്ദേഹം ചൂണ്ടിക്കാട്ടി. ഈ പ്രാക്തന പാരമ്പര്യത്തിന്റെ ഭാഷ പ്രതീകങ്ങളാണ്. ഈ പ്രതീകങ്ങൾ വ്യാഖ്യാനിക്കുന്നതിൽ അദ്ദേഹത്തോട് കിടപിടിക്കാൻ ആളുമില്ല. തന്നെയുമല്ല, മനുഷ്യ പുരോഗതിയെപ്പറ്റിയുള്ള സങ്കൽപം അദ്ദേഹം കീഴ്മേൽ മറിച്ചു. അതിന്റെ സ്ഥാനത്ത്, ആധുനികയുഗത്തിന് മുമ്പ്

■ മാർട്ടിൻ ലിങ്സ്



മിക്കവാറും സാർവത്രികമായിരുന്ന ആശയത്തെ തിരിച്ചുകൊണ്ടുവന്നു. കാലം ചെല്ലുന്തോറും നാം ആത്മീയമികവിൽ പിറകോട്ടടിച്ചുകൊണ്ടിരിക്കുകയാണെന്നും നാമിപ്പോൾ അന്ത്യദിനത്തിനു മുമ്പത്തെ അന്ധകാരയുഗത്തിലാണെന്നുമാണ് ആ ആശയം. മുൻകാല സംസ്കാരങ്ങൾ തള്ളിക്കളഞ്ഞ സാധ്യതകളെല്ലാം ലോകത്തേക്ക് വീണ്ടും വമിക്കുകയും ഗുണത്തിനു പകരം എണ്ണം പ്രധാനമാവുകയും ജീർണത അതിന്റെ പരകാഷ്ഠയിലെത്തുകയും ചെയ്ത കാലമാണിത്. അദ്ദേഹത്തിന്റെ രചനകൾ വായിച്ച ഒരാൾക്കും അതേപടി നിലക്കൊള്ളാൻ സാധ്യമല്ല.

ഗേനന്റെ കൃതികൾ വായിച്ച് കാഴ്ചപ്പാടാകെ മാറിയ മറ്റുള്ളവരെപ്പോലെ ഞാനും ഇതോടെ ഇരുപതാം നൂറ്റാണ്ടിന്റെ ലോകത്ത് ഒരു അപരിചിതനായി. തന്റെ ബോധ്യങ്ങളുടെ യുക്തി അദ്ദേഹത്തെ ഇസ്‌ലാം സ്വീകരിക്കുന്നതിലേക്ക് നയിച്ചു– അന്തിമ വെളിപാടും മുമ്പ് വന്നതിന്റെയെല്ലാം സംക്ഷേപവുമായ ഇസ്‌ലാം. ഞാൻ അതിന് ഒരുങ്ങിക്കഴിഞ്ഞിരുന്നില്ല. എങ്കിലും എന്റെ അഭിപ്രായങ്ങൾ മറക്കാൻ, ചുരുങ്ങിയപക്ഷം പൊതിഞ്ഞുവെക്കാനെങ്കിലും, ഞാൻ പഠിച്ചു. കൂട്ടുകാരോട് എപ്പോഴും തർക്കിച്ച് ജീവിക്കുക സന്തോഷകരമല്ലല്ലോ. അവരുടെ മൗനവിശ്വാസങ്ങളിൽ പങ്കാളിയാകാത്തതിനാൽ അർഥവത്തായ സംവാദങ്ങളും സാധ്യമല്ല. പൊതുവായ ചില ധാരണകളുണ്ടെങ്കിലല്ലേ ചർച്ചകളും സംവാദങ്ങളും സാധ്യമാകൂ. അതില്ലാത്ത സ്ഥിതിക്ക് ചിന്താകാലുഷ്യവും തെറ്റുധാരണയും ഒരുവേള അരിശവും മാത്രമാവും ഫലം. ചോദ്യം ചെയ്യപ്പെടാത്ത മതവിശ്വാസത്തിന് കൽപിക്കുന്ന അതേ തീവ്രതയോടെയാണ് സമകാലീന സംസ്കാരത്തിന്റെ അടിസ്ഥാന സങ്കൽപങ്ങളെയും ലോകം സമീപിക്കുന്നത്. സൽമാൻ റുഷ്ദിയുടെ *ദ സാത്താനിക് വേഴ്സസ്* (പൈശാചിക സൂക്തങ്ങൾ) എന്ന നോവലിനെ ചൊല്ലി നടന്ന തർക്കം ഉദാഹരണം.

ഇങ്ങനെ അർഥമില്ലാത്ത വാദപ്രതിവാദങ്ങളിൽ ഏർപ്പെടില്ലെന്ന നിശ്ചയം ചിലപ്പോഴൊക്കെ ഞാൻ മറന്നുപോയി. കുറച്ചു വർഷം മുമ്പ് ട്രിനിഡാഡിൽ ഒരു നയതന്ത്ര വിരുന്നിൽ പങ്കെടുക്കാനിടയായി. എന്റെ അടുത്തിരുന്ന ചെറുപ്പക്കാരി മേശക്ക് എതിർവശത്തിരിക്കുന്ന ഇംഗ്ലീഷുകാരനായ ക്രിസ്ത്യൻ പാതിരിയുമായി സംസാരിക്കുന്നു. ഞാൻ പകുതി ശ്രദ്ധയേ അതിന് കൊടുത്തിരുന്നുള്ളൂ. അപ്പോഴാണ് യുവതി, മനുഷ്യ പുരോഗതിയെപ്പറ്റി തനിക്ക് അത്ര തീർച്ചയൊന്നുമില്ലെന്ന് പറഞ്ഞത്. പുരോഹിതൻ മര്യാദയില്ലാതെ, പുഛത്തോടെ മറുപടി പറഞ്ഞത് കേട്ടപ്പോൾ എനിക്ക് ഇടപെടാതെ വയ്യെന്നായി. "ഇവർ പറഞ്ഞതാണ് ശരി– പുരോഗതി എന്നൊന്ന് ഇല്ല!"– ഞാൻ പറഞ്ഞു. അദ്ദേഹം കോപം കൊണ്ട് കോടിയ മുഖവുമായി എന്റെ നേർക്ക് തിരിഞ്ഞു പറഞ്ഞു: "എനിക്കെങ്ങാനും അങ്ങനെ തോന്നിയാൽ ഞാൻ ഇന്ന്, ഈ രാത്രി, ആത്മഹത്യ ചെയ്യും." മുസ്‌ലിംകൾക്കെന്നപോലെ ക്രിസ്ത്യാനികൾക്കും ആത്മഹത്യ പാപമാണല്ലോ. എന്നിട്ടും പാതിരി ഇങ്ങനെ പറയുന്നത് കേട്ടപ്പോഴാണ് എനിക്ക് ആദ്യമായി ഒരു വസ്തുത ബോധ്യപ്പെട്ടത്. പുരോഗതിയിലും 'നല്ല നാളെ'യിലും അങ്ങനെ ഭൂമിയിലൊരു സ്വർഗമെന്ന ചിന്തയിലുമുള്ള വിശ്വാസം ദൈവത്തിലും പരലോകത്തിലുമുള്ള വിശ്വാസത്തെ നീക്കിക്കളഞ്ഞിരിക്കുന്നു. വിമത പുരോഹിതൻ തെയ്ൽ ഹാർദ് ഷാർദിന്റെ രചനകളിലൂടെ ക്രിസ്തുമതം തന്നെ 'പുരോഗതിയുടെ മത'മായി അധഃപതിച്ചിരിക്കുന്നു. ആധുനിക പാശ്ചാത്യനിൽ നിന്ന് ഈ 'പുരോഗതി' വിശ്വാസം എടുത്തുകളഞ്ഞു നോക്കൂ– അയാൾ വഴിയടയാളങ്ങളില്ലാത്ത കാട്ടിൽ പെട്ട പോലെ അങ്കലാപ്പിലാകും.

'ദ റിച്ചസ്റ്റ് വെയ്ൻ' പ്രസാധനം ചെയ്തപ്പോഴേക്കും ഞാൻ ഇംഗ്ലണ്ട് വിട്ട് ജമൈക്കയിലെത്തിയിരുന്നു. അവിടെ എന്റെ ഒരു സ്കൂൾ കൂട്ടുകാരനുണ്ടായിരുന്നു. എനിക്ക് ഒരു ജോലി കണ്ടെത്തിത്തരാൻ അവന് കഴിയുമെന്ന് എനിക്ക് വിശ്വാസമുണ്ടായിരുന്നു. പുസ്തകത്തിന്റെ ചട്ടയിൽ എന്നെ 'പക്വമതിയായ ചിന്തകൻ' എന്നാണ് പരിചയപ്പെടുത്തിയിരുന്നത്. തീർത്തും അനുചിതമായിരുന്നു 'പക്വമതി' എന്ന വിശേഷണം. മനുഷ്യനെന്ന നിലക്കായാലും വ്യക്തി എന്ന നിലക്കായാലും ഞാൻ

കൗമാരം കടന്നിട്ടേ ഉണ്ടായിരുന്നുള്ളൂ. ജമൈക്കയാണെങ്കിലോ കൗമാരത്തിന്റെ ഭ്രമങ്ങൾ പ്രയോഗിക്കാൻ പറ്റിയ സ്ഥലവും. യുദ്ധത്തിന്റെ തൊട്ടുടനെയുള്ള വർഷങ്ങളിലെ വെസ്റ്റിന്ത്യൻ ജീവിതം കുറച്ചെങ്കിലും അനുഭവിച്ചറിഞ്ഞവർക്കു മാത്രമേ 'അനുഭൂതി'കളും ലൈംഗികാസ്വാദനവും തേടുന്നവർക്ക് അവിടെ എന്തൊക്കെ ലഭ്യമാണെന്ന് മനസ്സിലാകൂ. മയേഴ്സിനെപ്പോലെ എനിക്കും തടസ്സമാകാവുന്ന സദാചാരബോധമൊന്നുമില്ലായിരുന്നു. അതിനാൽ പലരും എന്റെ പുസ്തകം വായിച്ച് ഞാൻ പ്രായം ചെന്ന ഒരാളാണെന്ന് ധരിച്ച് എഴുതിയ കത്തുകൾ വായിച്ച് ഞാൻ നാണിച്ചിട്ടുണ്ട്. 'വെളുത്ത് നീണ്ട താടി'യുള്ളയാളെന്ന് വരെ ഒരാൾ എഴുതി. ജ്ഞാനിയും കാരുണ്യവാനുമായ ആൾ! അവരുടെ ധാരണ തിരുത്താനും അവരെന്നിൽ ചുമത്തുന്ന ഉത്തരവാദിത്വം എടുത്തുമാറ്റാനും കഴിഞ്ഞെങ്കിലെന്ന് ഞാനാശിച്ചു. ഒരു ദിവസം ഒരു കത്തോലിക്കാ പുരോഹിതൻ സുഹൃത്തുക്കളോടൊപ്പം പാർക്കാൻ അവിടെയെത്തി. അദ്ദേഹം അവരോട്, താൻ വായിച്ചുകൊണ്ടിരിക്കുന്ന 'അത്യാകർഷകമായ ഒരു ബുക്കി'നെപ്പറ്റി പറഞ്ഞു– ഗായ് ഈറ്റൺ എന്നൊരാൾ എഴുതിയതാണ് ബുക്ക്. ഗ്രന്ഥകർത്താവ് ജമൈക്കയിലുണ്ടെന്ന് കേട്ട് അത്ഭുതം കൂറിയ അദ്ദേഹം എന്നെ നേരിട്ട് കാണാനാവുമോ എന്ന് അന്വേഷിച്ചു. ഞാനുണ്ടാകുമെന്ന് ഉറപ്പുള്ള ഒരു വിരുന്നിലേക്ക് അദ്ദേഹത്തെ സുഹൃത്തുക്കൾ കൂട്ടിക്കൊണ്ടുവന്നു. ഞങ്ങൾ പരിചയപ്പെട്ടു. ഒരു വിഡ്ഢിച്ചെറുപ്പക്കാരനാണ് ഞാനെന്ന് കണ്ട് അദ്ദേഹം എന്നെ നല്ലവണ്ണമൊന്ന് നോക്കി. പിന്നെ ആശ്ചര്യപൂർവം തലയാട്ടി പതുക്കെ പറഞ്ഞു: "ആ പുസ്തകം നിങ്ങൾ എഴുതിയതാകാൻ ഇടയില്ല!"

ശരിയാണ്. ലിയോ മയേഴ്സിന്റേതടക്കം പലരുടെയും കാര്യത്തിലെന്ന പോലെ ഇത്തവണയും ഞാൻ മനുഷ്യ പ്രകൃതത്തിലെ അസാധാരണമായ വൈരുധ്യങ്ങളെ അഭിമുഖീകരിക്കുകയായിരുന്നു. ആശയങ്ങൾ കടലാസിൽ കുറിച്ചിടുന്ന എഴുത്തുകാരനും ജീവിതത്തിലെ അതേ മനുഷ്യനും തമ്മിൽ എന്തൊരു വ്യത്യാസം! വ്യക്തിത്വത്തിലെ വ്യത്യസ്ത ഘടകങ്ങൾ തമ്മിൽ സന്തുലനമുണ്ടാക്കാനും അവ പരസ്പരം പൊരുത്തത്തോടെ പ്രവർത്തന ക്ഷമമാകാനുമാണ് ഇസ്‌ലാം ലക്ഷ്യമിടുന്നത്. എല്ലാ ഘടകങ്ങളും ഇണക്കത്തോടെ, ഒരേ ദിശയിൽ ഒരേ നേർപ്പാതയിൽ ചരിക്കണം. അതേസമയം പടിഞ്ഞാറ് അതല്ല സ്ഥിതി. അവിടെ തീർത്തും അസന്തുലിതരായ ആളുകളെ പതിവായി കാണാം. വ്യക്തിത്വത്തിന്റെ ഒരു വശം മാത്രം, മറ്റു വശങ്ങളുടെ ചെലവിൽ വികസിപ്പിച്ചവരാണവർ. ചിലപ്പോളെനിക്ക് തോന്നിയിട്ടുണ്ട്: വിവേകത്തെപ്പറ്റി എഴുതുന്നതും സംസാരിക്കുന്നതുമെല്ലാം അത് നേടുന്നതിനു പകരമായിട്ടല്ലേ? കാപട്യമാണിത് എന്നല്ല പറയുന്നത്–വൈദ്യരേ, സ്വയം ചികിത്സിക്കൂ എന്നു പറയാൻ വകയുണ്ടെങ്കിലും. ഇക്കൂട്ടർ പറയുന്നതും എഴുതുന്നതും ആത്മാർഥമായിത്തന്നെയാണ്. പക്ഷേ, അതനുസരിച്ച് ജീവിക്കാൻ അവർക്കാവുന്നില്ല.

രണ്ടര വർഷം കഴിഞ്ഞ്, കുടുംബകാര്യങ്ങൾക്കു വേണ്ടി ഞാൻ ഇംഗ്ലണ്ടിലേക്ക് മടങ്ങി. എന്റെ പുസ്തകം വായിച്ച് എനിക്ക് കത്തെഴുതിയവരിൽ രണ്ടു പേരുണ്ടായിരുന്നു. ഗ്വേനന്റെ രചനകൾ നന്നായി വായിക്കുകയും അദ്ദേഹത്തെ പിന്തുടർന്ന് ഇസ്‌ലാമിലേക്ക്– അതിന്റെ സൂഫി മാനത്തിലേക്ക്– കടന്നുചെല്ലുകയും ചെയ്തവർ. ഞാനവരെ ചെന്നുകണ്ടു. അവർ പറഞ്ഞു– നിങ്ങൾ തേടുന്നത് നിങ്ങൾക്ക് കിട്ടും; ഇന്ത്യയിൽനിന്നും ചൈനയിൽനിന്നുമല്ല, ഇങ്ങ് കുറെക്കൂടി അടുത്തായി ഇബ്റാഹീമീ പാരമ്പര്യത്തിൽനിന്ന്; അഥവാ ഇസ്‌ലാമിന്റെ സൂഫി മാനത്തിൽനിന്ന്.

ഞാൻ പറഞ്ഞു നടക്കുന്നത് പ്രവർത്തിക്കാനും 'ആത്മീയപാത' തേടാനും തുടങ്ങുന്നതെപ്പോഴാണെന്ന് കൂടി അവർ ചോദിച്ചു. സൗമ്യമായും എന്നാൽ ദൃഢമായും അവർ പറഞ്ഞു– സൈദ്ധാന്തികമായി ബോധ്യപ്പെട്ടത് ഇനി ജീവിതത്തിൽ പകർത്തിക്കൊള്ളൂ. ഞാൻ എന്തോ മറുപടി പറഞ്ഞൊഴിഞ്ഞു. കുറച്ചുകൂടി വയസ്സായി, ലൗകിക ഹരത്തിന്റെ സാധ്യതകൾ തീർന്നിട്ടു മതി അവരുടെ ഉപദേശം കേൾക്കാൻ എന്നായിരുന്നു എന്റെ മനസ്സിലിരിപ്പ്. എങ്കിലും ഇസ്‌ലാമിനെപ്പറ്റി വർധിത താൽപര്യത്തോടെ ഞാൻ വായിക്കാൻ തുടങ്ങി. എന്റെ ഉറ്റ സുഹൃത്തിന് ഇത് പിടിച്ചില്ല. മിഡിലീസ്റ്റിൽ ജോലി ചെയ്യുകയായിരുന്ന അവന്റെ മനസ്സിൽ ഇസ്‌ലാമിനെതിരായി കടുത്ത മുൻവിധി വളർന്നിരുന്നു. ഈ പരുക്കൻ മതത്തിന് ആത്മീയ മാനമോ– അവനത് അസംബന്ധമായി തോന്നി. ഇത് വെറുമൊരു കാട്ടിക്കൂട്ടൽ മതം, യുക്തിയില്ലാത്ത കുറെ വിലക്കുകൾക്ക് അന്ധമായി വഴിപ്പെടൽ, ആവർത്തിച്ചുള്ള പ്രാർഥനകൾ,കുടുസ്സായ ചിന്ത, കാപട്യം– അവൻ പറഞ്ഞു. എന്നെ ബോധ്യപ്പെടുത്താനായി കുറെ മുസ്‌ലിം ആചാരങ്ങളെപ്പറ്റിയും അവൻ പറഞ്ഞു. ഒന്ന് ഞാനിപ്പോഴും ഓർക്കുന്നു. ഒരു ചെറുപ്പക്കാരി ഉണ്ടായിരുന്നത്രെ. ആശുപത്രിയിൽ മരണക്കിടക്കയിലാണവൾ. നല്ല വേദനയു

ണ്ട്. എന്നിട്ടും ഉള്ള ശക്തി മുഴുവൻ സംഭരിച്ച് അവൾ ചെയ്തതെന്തെന്നോ? നിലത്തിറങ്ങി നിന്ന്, ഇരുമ്പു കട്ടിൽ നീക്കിയിട്ടു മക്കക്കു നേരെ മുഖം തിരിച്ച് മരിക്കാനാണ് പോലും! ഒരു 'മണ്ടൻ വിശ്വാസ'ത്തിനു വേണ്ടി കൂടുതൽ കഷ്ടപ്പാട് ഏറ്റുവാങ്ങിയതിനെപ്പറ്റി ഓർക്കുമ്പോഴേക്കും എന്റെ ചങ്ങാതിക്ക് അരിശം. എന്നാൽ എനിക്കോ? ആവേശകരമായ ഒരു സംഭവമായിട്ടാണ് എനിക്കത് തോന്നിയത്. ആ വിശ്വാസദാർഢ്യം! എനിക്ക് ഊഹിക്കാവുന്ന ഏത് മാനസികാവസ്ഥക്കുമപ്പുറത്താണല്ലോ അത്.

അതേസമയം ഞാൻ തൊഴിലന്വേഷിച്ച് ക്ഷീണിച്ചു. കടുത്ത ദാരിദ്ര്യം. പരസ്യത്തിൽ കണ്ട ഒരുവിധം എല്ലാ ജോലിക്കും അപേക്ഷിച്ചു. എന്തിനേറെ, കാംബ്രിഡ്ജിൽനിന്ന് ചരിത്രത്തിൽ ബിരുദമെടുത്ത ഞാൻ കയ്റോ സർവകലാശാലയിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ അസിസ്റ്റന്റ് ലക്ചറർ തസ്തികയിലേക്കുവരെ അപേക്ഷ അയച്ചുകളഞ്ഞു! പത്തൊമ്പതാം നൂറ്റാണ്ടിനു മുമ്പത്തെ ഇംഗ്ലീഷ് സാഹിത്യത്തെപ്പറ്റി എനിക്ക് ഒന്നും അറിയില്ലെന്നോർക്കണം. അവശ്യ യോഗ്യത പോലുമില്ലാത്ത ഉദ്യോഗാർഥിയുടെ മണ്ടത്തരം. പക്ഷേ, അധികൃതർ എന്റെ അപേക്ഷ പരിഗണിക്കുക മാത്രമല്ല എനിക്ക് നിയമനം നൽകുകയും ചെയ്തു. 1950 ഒക്ടോബറിൽ, 29-ാംവയസ്സിൽ ഞാൻ കയ്റോയിലേക്ക് പുറപ്പെട്ടു. ഇസ്‌ലാമിൽ എന്റെ താൽപര്യം വേരുറക്കുന്ന അതേ സമയത്ത്.



■ റെനെ ഗ്വേനൻ

സഹപ്രവർത്തകരിലൊരാൾ മാർട്ടിൻ ലിങ്സ് ആയിരുന്നു- ഇംഗ്ലീഷുകാരൻ മുസ്‌ലിം. ഈജിപ്തിൽ സ്ഥിരതാമസമാക്കിയിരുന്നു അദ്ദേഹം. ലിങ്സ്, ഗ്വേനന്റെ സുഹൃത്തായിരുന്നു; ഗ്വേനന്റെ മാത്രമല്ല ലണ്ടനിൽ ഞാൻ കണ്ടു സംസാരിച്ച ആ രണ്ടു പേരുടെയും സുഹൃത്ത്. പക്ഷേ, ഞാൻ മുമ്പ് കണ്ടിട്ടുള്ള ആരെപ്പോലെയുമല്ല അദ്ദേഹം. അന്നുവരെ എന്റെ മനസ്സിൽ തത്ത്വങ്ങളായി മാത്രം നിലകൊണ്ട ഒന്നിന്റെ ജീവിക്കുന്ന മാതൃകയാണ്. ഞാൻ അപ്പോളറിഞ്ഞു, ഇതാ ഒടുവിൽ പൊരുത്തക്കേടുകളില്ലാത്ത, ചൊല്ലും ചെയ്തിയും ഒന്നായ, ഒരു മനുഷ്യൻ. നഗരത്തിന്റെ തൊട്ടുപുറത്ത് ഒരു പരമ്പരാഗത വീടാണ് അദ്ദേഹത്തിന്റേത്. മിക്കവാറും എല്ലാ ആഴ്ചയും ഞാൻ അവിടെ ചെന്ന് അദ്ദേഹത്തെയും ഭാര്യയെയും കാണും. ആധുനിക കയ്റോയുടെ ബഹളങ്ങളിൽനിന്ന് മാറി, കാലാതിവർത്തിയായ ഒരു അഭയകേന്ദ്രത്തിലെത്തിയ പോലെ എനിക്ക് തോന്നി. അവിടെ അകവും പുറവും തമ്മിൽ വേർതിരിവില്ല. അവിടെ ഞാൻ പരിചയിച്ച ലോകത്തിന്റെ 'യാഥാർഥ്യങ്ങൾ'ക്ക് വെറും നിഴലിന്റെ സ്ഥാനമേ ഉണ്ടായിരുന്നുള്ളൂ.

അഭയമാണെനിക്ക് വേണ്ടത്. ഒരു സ്ഥലത്തോട് പ്രണയം തോന്നുമോ? തോന്നുമെങ്കിൽ ഞാൻ ജമൈക്കയുമായി പ്രണയത്തിലായിരുന്നു. ഈജിപ്തിനെ ഞാൻ വെറുത്തു- അത് ജമൈക്കയല്ല എന്ന ഒറ്റക്കാരണത്താൽ. എവിടെ എന്റെ നീല മലകൾ? എന്റെ ആ ഉഷ്ണമേഖലാ സമുദ്രം? മനോഹരികളായ വെസ്റ്റിന്ത്യൻ തരുണികൾ? വീടെന്ന് തോന്നിച്ച ഒരേ ഒരിടം വിട്ടുപോകാൻ എനിക്കെങ്ങനെ സാധിച്ചു?

അതു മാത്രമല്ല, ഞാൻ ഒരു സ്ഥലത്തെ മാത്രമല്ല വിട്ടുപോന്നത്. ഒരാളുമുണ്ടായിരുന്നു അവിടെ. ഒരു ചെറുപ്പക്കാരി. അവളില്ലാത്ത ജീവിതം എനിക്ക് പൊള്ളയായി തോന്നി. കൊള്ളരുതാത്ത ജീവിതം. അതുവരെയുള്ള എന്റെ ജീവിതത്തിൽ വിലപ്പെട്ടതായി ഒന്നുമില്ലായിരുന്നു. യാഥാർഥ്യം ഒരാളെപ്പറ്റിയുള്ള ചിന്ത മാത്രം. പകൽ മുഴുവൻ അവളെന്റെ വിചാരങ്ങളെയും രാവിൽ എന്റെ കിനാക്കളെയും അടക്കിവാണു. ജോലിക്കിടയിൽ ഞാനെന്റെ വിദ്യാർഥികൾക്ക് പ്രണയകവിതകൾ ഉറക്കെ ചൊല്ലിക്കൊടുക്കുമ്പോൾ കവിളിലൂടെ കണ്ണീരൊലിക്കും. അവർ പരസ്പരം പറയും: "ഇതാ ഹൃദയമുള്ള ഒരു ഇംഗ്ലീഷുകാരൻ. നമ്മൾ വിചാരിച്ചിരുന്നത് എല്ലാ ഇംഗ്ലീഷുകാരും നിർവികാരരാണെന്നാണല്ലോ."

ഈ കുട്ടികളും എനിക്ക് ഒരഭയമായിരുന്നു- പ്രത്യേകിച്ച് അഞ്ചാറു പേരടങ്ങുന്ന ഒരു സീനി

യർ ക്ലാസ്. എന്റെ ഇഷ്ട സ്ഥലത്തുനിന്ന് 8000 നാഴിക അകലെയാണെന്ന പേരിൽ ഈജിപ്തിനെ ഞാൻ വെറുത്തിരിക്കാം; പക്ഷേ ഈ യുവ ഈജിപ്തുകാരെ എനിക്കിഷ്ടമായിരുന്നു. അവരുടെ അടുപ്പവും തുറന്ന സമീപനവും എന്നെ വശീകരിച്ചു. വൈകാതെ ഞാൻ അവരുടെ മതത്തെയും ഇഷ്ടപ്പെട്ടു തുടങ്ങി. ഈ ചെറുപ്പക്കാർ നല്ല മുസ്‌ലിംകളായിരുന്നു.

ഇനി എന്നിൽ സംശയങ്ങളില്ല. എന്നെ ഒരു മതത്തിനു വിട്ടുകൊടുക്കാൻ– ഒരു മതത്തിൽ എന്നെ തളക്കാൻ– എനിക്ക് എപ്പോഴെങ്കിലും കഴിയുമെങ്കിൽ ആ മതം ഇസ്‌ലാം മാത്രമായിരിക്കും. പക്ഷേ, ഇപ്പോൾ വേണ്ട! ഞാൻ സെന്റ് അഗസ്റ്റിന്റെ പ്രാർഥന ഓർത്തു: "പ്രഭോ, എന്നെ ശുദ്ധീകരിക്ക. പക്ഷേ, ഇപ്പോൾ വേണ്ട!" കാലാകാലങ്ങളിൽ മറ്റു ചെറുപ്പക്കാരും ഇങ്ങനെ വിശുദ്ധിക്കും ഭക്തിക്കും കുറെക്കൂടി നല്ല ജീവിത ചര്യക്കുമായി പ്രാർഥിച്ചിട്ടുണ്ടാവണം. മുമ്പിൽ സമയമങ്ങനെ നീണ്ടുകിടപ്പുണ്ടല്ലോ എന്ന വിചാരത്തിൽ അവരും 'ഇപ്പോൾ വേണ്ട' എന്ന് പറഞ്ഞിരിക്കും. ആ അവസ്ഥയിൽ പലരെയും മരണം തട്ടിയെടുത്തിരിക്കും.

ഞാനങ്ങനെ അറച്ചറച്ച് നിന്നേനെ. ഇസ്‌ലാം സ്വീകരിക്കാമെന്ന് നിശ്ചയിച്ചെങ്കിലും ഞാൻ ആ നിർണായക നിമിഷംനീട്ടി നീട്ടി, 'ആയില്ല, ആയില്ല' എന്നു സ്വയം പറഞ്ഞങ്ങനെ പ്രായത്തിന് കീഴടങ്ങിയേനെ. പക്ഷേ, ജമൈക്കയെയും ആ ഒരാളെയും പറ്റിയുള്ള ചിന്ത വളർന്നു. മാസങ്ങൾ കഴിഞ്ഞിട്ടും അത് കുറയുകയല്ല, വളരുകയാണ്. ഒരു ദിവസം രാവിലെ ഉണർന്നത് തെളിമയാർന്ന ബോധ്യവുമായിട്ടായിരുന്നു: ജമൈക്കയിലേക്ക് മടങ്ങാനുള്ള ഒരേയൊരു തടസ്സം പണമില്ല എന്നതാണ്. ഞാൻ അന്വേഷിച്ചു നോക്കി. ഒരു ആവിക്കപ്പലിന്റെ ഡെക്കിൽ യാത്ര ചെയ്യാമെന്നുണ്ടെങ്കിൽ വെറും 70 പൗണ്ടിന് ജമൈക്കയിലെത്താം. യൂനിവേഴ്സിറ്റി ടേം തീരുമ്പോഴേക്കും ഇത്രയും തുക മിച്ചം വെക്കാനാവുമെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. അതോടെ എന്റെ ജീവിതം അപ്പാടെ മാറി. രക്ഷ അടുത്തെത്തി എന്നറിഞ്ഞപ്പോൾ കയ്റോ പോലും ആസ്വാദ്യമായി. പക്ഷേ, ഒരു ചോദ്യം ബാക്കിയുണ്ടായിരുന്നു. ഉറച്ചൊരു മറുപടി ആവശ്യപ്പെടുന്ന ചോദ്യം. ആ മറുപടിയാകട്ടെ ഇനിയും നീട്ടിക്കൊണ്ടുപോകാനാവില്ല. ഇസ്‌ലാമിലേക്ക് കടക്കാൻ ഇനിയൊരവസരം ഉണ്ടായെന്നു വരില്ല. എനിക്ക് മുന്നിലിതാ വാതിൽ തുറന്നുകിടക്കുന്നു. ഇപ്പോൾ കടന്നില്ലെങ്കിൽ ആ വാതിൽ എന്നന്നേക്കുമായി അടയുമെന്ന് എനിക്ക് തോന്നി. പക്ഷേ, ജമൈക്കയിൽ എന്റെ ജീവിതം എങ്ങനെയായിരിക്കുമെന്ന് എനിക്ക് ഊഹിക്കാം– അത്തരമൊരു ചുറ്റുപാടിൽ മുസ്‌ലിമായി ജീവിക്കാൻ വേണ്ട മനക്കരുത്ത് എനിക്കുണ്ടോ?

അധികമാളുകൾക്കും അമ്പരപ്പുണ്ടാക്കാവുന്ന തീരുമാനം ഞാനെടുത്തു. സഹ മുസ്‌ലിംകളെയും അത് ഞെട്ടിച്ചിരിക്കും. ഹൃദയത്തിൽ ഒരു 'വിത്ത് പാകാനാ'ണ് ഞാൻ തീരുമാനിച്ചത്. ഇസ്‌ലാം സ്വീകരിക്കുക, ഉടനെ. അത് ക്രമേണ മുളച്ച്, വളർന്ന്, മുഴുത്ത ചെടിയാകുമെന്ന് പ്രത്യാശിക്കുക, അത്രമാത്രം. ഒരു ന്യായവാദവും എനിക്കില്ല. ആത്മാർഥതയില്ലാത്തവനെന്നും വ്യാജനെന്നും വല്ലവരുമെന്നെ കുറ്റപ്പെടുത്തിയാൽ തെറ്റു പറയാനുമാവില്ല. പക്ഷേ ഒന്നുണ്ട്; ഇവരൊക്കെ, മനുഷ്യന്റെ പിഴവുകൾ പൊറുത്തു കൊടുക്കാനുള്ള ദൈവത്തിന്റെ സന്നദ്ധതയെ കുറച്ചു കാണുകയാവാം. വരണ്ട ഭൂമിയിൽ വിതച്ച വിത്തിൽനിന്ന് പോലും മരവും ഫലങ്ങളും ഉണ്ടാക്കാനുള്ള ദൈവത്തിന്റെ കഴിവിനെ നിസ്സാരമാക്കുകയുമാവാം. എന്തായാലും ഞാനൊരു വല്ലാത്ത ഊക്കിലായിരുന്നു. എന്തു ചെയ്യണമെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു.

ഞാൻ മാർട്ടിൻ ലിങ്സിന്റെ അടുത്ത് ചെന്നു. എന്റെ കാര്യങ്ങളെല്ലാം തുറന്നു പറഞ്ഞു. എനിക്ക് ശഹാദത്ത് (വിശ്വാസ പ്രതിജ്ഞ) ചൊല്ലിത്തരാനാവശ്യപ്പെട്ടു, അഥവാ എന്റെ സത്യസാക്ഷ്യം സ്വീകരിക്കാൻ. ആദ്യം മടിച്ചെങ്കിലും അദ്ദേഹം അങ്ങനെ ചെയ്തു. ഭയപ്പാടോടെ, എന്നാൽ അവാച്യമായ ആനന്ദത്തോടെ, ഞാൻ എന്റെ ജീവിതത്തിൽ ആദ്യമായി പ്രാർഥിച്ചു.

റമദാൻ മാസമായിരുന്നു. പിറ്റേന്ന് ഞാൻ നോമ്പെടുത്തു. എനിക്കിതിനാവുമെന്ന് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചതല്ല. വൈകാതെ ഞാനെന്റെ സീനിയർ വിദ്യാർഥികളോട് ഈ വിവരം പറഞ്ഞു. അവരുടെ സന്തോഷം ഗാഢമായ ആലിംഗനം പോലെ ഹൃദ്യമായിരുന്നു. ഇവരോട് എനിക്ക് നല്ല അടുപ്പമാണെന്ന് മുമ്പ് കരുതിയിരുന്ന ഞാൻ ഇപ്പോളറിഞ്ഞു, ഞങ്ങൾക്കിടയിൽ ഒരു മറ എപ്പോഴും ഉണ്ടായിരുന്നെന്ന്. ആ മറ ഇതാ തകർന്നിരിക്കുന്നു. എന്നെ അവർ ഉടപ്പിറപ്പായി സ്വീകരിച്ചിരിക്കുന്നു.

എന്റെ രഹസ്യ പലായനത്തിന് ആറാഴ്ച കൂടിയേ ഉള്ളൂ (വകുപ്പ് മേധാവി

യോട് പോലും ഞാൻ സ്ഥലം വിടുന്ന കാര്യം പറഞ്ഞിരുന്നില്ല). ഒരു വിദ്യാർഥി എന്നും എന്റെയടുത്ത് വരും; എന്നെ ഖുർആൻ പഠിപ്പിക്കും. ഞാൻ കണ്ണാടിയിൽ നോക്കി. മുഖം പഴയതുതന്നെ. പക്ഷേ, അതിനു പിന്നിലുള്ളത് പുതിയൊരു വ്യക്തിയാണ്. ഞാൻ മുസ്‌ലിമായിരിക്കുന്നു.

**വിവ: പ്രഫ. കെ. യാസീൻ അശ്‌റഫ്**